"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് നമ്പർ 534/21 ദഹനപ്പെട്ടി വാങ്ങുന്നതിന് ധനസഹായം എന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1734/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29/07/2020-ലെ കത്ത്.

2 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15/07/2020-ലെ 4463/16 നമ്പർ കത്ത്.

3 12/08/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.44.

## ഉത്തരവ്

പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാകുന്നതിന്റെ ഭാഗമായി ഗ്യാസിൽ പ്രവർത്തിക്കുന്നതും തറനിരപ്പിൽ നിന്ന് ഉയർത്തി വച്ച് സംസ്കാരം നടത്താൻ കഴിയുന്നതുമായ ദഹനപ്പെട്ടി വിതരണത്തിനുള്ള പ്രോജക്ട് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ജില്ലയിൽ പലയിടത്തും മഴക്കാലത്ത് വെള്ളക്കെട്ട് പ്രദേശമായതിനാലാണ് ഈ പ്രോജക്ട് ഏറ്റെടുത്തത്. 15 ദഹനപ്പെട്ടികൾ വാങ്ങി 4 എണ്ണം 29/06/2020-ന് വിതരണം ചെയ്തു. എന്നാൽ പട്ടികജാതി വിഭാഗത്തിനു മാത്രമായി ദഹനപ്പെട്ടി വിതരണം ചെയ്തത് വംശീയ അധിക്ഷേപമാണെന്ന് വിവിധ പട്ടികജാതി സംഘടനകൾ ആക്ഷേപമുന്നയിക്കുകയും പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശേഷിക്കുന്ന ദഹനപ്പെട്ടികൾ പൊതുവിഭാഗത്തിൽപ്പെട്ട വനിതാ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നും ഇതിനു തുല്യമായ തുക പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി ഈ വർഷം ഉൾപ്പെടുത്തുന്നതാണെന്നുമുള്ള ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ സൂചന (2) പ്രകാരമുള്ള കത്ത് ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ സൂചന (1 ) പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വിശദമായി വികേന്ദ്രീകൃത സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ സൂചന (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുല്യമായ തുക പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പട്ടികജാതി വിഭാഗത്തിനു വേണ്ടി ഉപയോഗിക്കുമെന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഉറപ്പ് പാലിക്കണമെന്ന നിബന്ധനയോടെ പദ്ധതിക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid

Digitally signed by EENAMMA P A
Date: 2020.09 4:48:25 IST
Reason: Approv

സെക്ഷൻ ഓഫീസർ.